പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 731 | 09-08-2017 ൽ മറുപടിക്ക്

പട്ടികജാതി - വർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്കെതിരെയുള്ള ജപ്തി നടപടികൾ

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | വിവിധ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, ഹൗസിംഗ് ബോർഡുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്ത പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലുള്ളവർ നിലവിൽ ജപ്തി നടപടികൾ നേരിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ജപ്തി നടപടികൾ ഒഴിവാക്കുന്നതിനോ വായ്പാ കുടിശ്ശികകൾ എഴുതി തള്ളുന്നതിനോ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>പട്ടികജാതി വിഭാഗങ്ങൾ</u>**<br><br>സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിതള്ളുന്നതിന് സ. ഉ. (അച്ചടി) നം. 24/2015/പജപവവിവ തീയതി. 30/03/2015 നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-17 വർഷം 69,413 കേസുകളിലായി കടം എഴുതിത്തള്ളുവാൻ 88,53,64,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u>**<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ, വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും, പലിശയും പിഴപലിശയും ചേർത്ത്) സ. ഉ. (അ) നം. 71/15/പജപവവിവ തീയതി 01.10.2015 പ്രകാരം കടം എഴുതിതള്ളുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2838 ഗുണഭോക്താക്കൾക്കായി 7,82,53,121/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇളവിന് അർഹമായ കേസുകളിൽ ജപ്തി നോട്ടീസ് അയച്ചതായി ശ്രദ്ധയിൽപ്പെട്ടതിൽ ബാങ്ക് മാനേജർമാരോട് ജപ്തി നടപടികൾ നിർത്തി വെയ്ക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**<u>പിന്നോക്കവിഭാഗങ്ങൾ</u>**<br><br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസനകോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് നിലവിൽ ജപ്തി നടപടികൾ നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിനായി പിഴപലിശ, പലിശ എന്നിവയിൽ ഇളവുകൾ നൽകി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി കാലാകാലങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ